**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4790** **02-07-2024 - ൽ മറുപടിയ്ക്ക്**

**എം.എസ്.വിശ്വനാഥൻ സ്മാരകത്തിന്റെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രഭാകരൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | 2022-23 വർഷത്തെ സംസ്ഥാന ബജറ്റിൽ ഒരു കോടി രൂപ വകയിരുത്തിയ എം.എസ്.വിശ്വനാഥൻ സ്മാരകത്തിന്റെ നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; | (എ) | സംഗീത സംവിധായകനായിരുന്ന എം.എസ്. വിശ്വനാഥന്റെ സ്മരണാർത്ഥം പാലക്കാട് ജില്ലയിലെ എലപ്പുള്ളിയിൽ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ സ്മാരകം നിർമ്മിക്കുന്നതിന് 2022-23 സാമ്പത്തിക വർഷം ഒരു കോടി രൂപ വകയിരുത്തിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ എലപ്പുള്ളി ഗ്രാമപഞ്ചായത്ത് ഒരു കോടി രൂപയുടെ പ്ലാനും എസ്റ്റിമേറ്റും ലഭ്യമാക്കിയിട്ടുണ്ട്. എലപ്പുള്ളി ഗ്രാമപഞ്ചായത്തിലെ എലപ്പുള്ളി 1 വില്ലേജിലുള്ള ബ്ലോക്ക് നം. 3 റീസർവ്വേ നം. 857/18 ൽ ഉൾപ്പെട്ട 19.95 ആർ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമി ഏറ്റെടുക്കുന്നതിനായി പാലക്കാട് ജില്ലാ കളക്ടർക്ക് അർത്ഥനാപത്രം നൽകിയിട്ടുണ്ട്. |
| (ബി) | എം.എസ്.വിശ്വനാഥന്റെ ജന്മസ്ഥലമായ മലമ്പുഴ മണ്ഡലത്തിലെ എലപ്പുള്ളിയിൽ പ്രസ്തുത സ്മാരകം നിർമ്മിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ? | (ബി) | സംഗീത സംവിധായകനായിരുന്ന എം.എസ്. വിശ്വനാഥന്റെ സ്മരണാർത്ഥം പാലക്കാട് ജില്ലയിലെ എലപ്പുള്ളിയിൽ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ സ്മാരകം നിർമ്മിക്കുന്നതിന് 2022-23 സാമ്പത്തിക വർഷം ഒരു കോടി രൂപ വകയിരുത്തിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ എലപ്പുള്ളി ഗ്രാമപഞ്ചായത്ത് ഒരു കോടി രൂപയുടെ പ്ലാനും എസ്റ്റിമേറ്റും ലഭ്യമാക്കിയിട്ടുണ്ട്. എലപ്പുള്ളി ഗ്രാമപഞ്ചായത്തിലെ എലപ്പുള്ളി 1 വില്ലേജിലുള്ള ബ്ലോക്ക് നം. 3 റീസർവ്വേ നം. 857/18 ൽ ഉൾപ്പെട്ട 19.95 ആർ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമി ഏറ്റെടുക്കുന്നതിനായി പാലക്കാട് ജില്ലാ കളക്ടർക്ക് അർത്ഥനാപത്രം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ